## പത്രക്കുറിപ്പ്

# ആൺകുട്ടിയ്ക്ക് നേരെ ലൈംഗികാതിക്രമം: പ്രതി പിടിയിൽ

## യുവാവിനെ ആക്രമിച്ച 2 പേർ പിടിയിൽ

## കോവിഡ്–19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 272 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കണ്ടമൺകടവ് പെരുകാവ് കവലോട്ട്കോണം ഷാരോൺ നിവാസിൽ രതീഷ് (46)- നെയാണ് വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്തത്.

ജൂൺ 25 നാണ് പതിനാറുകാരനു നേരെ അതിക്രമം നടന്നത്. പ്രതി കുട്ടിയെ ആളൊഴിഞ്ഞ ഒരു വീട്ടിൽ കൂട്ടിക്കൊണ്ടുപോയി ലൈംഗിക പീഡനത്തിന് വിധേയമാക്കുകയായിരുന്നു. പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഈ കേസിൽ, സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ വട്ടിയൂർക്കാവ് എസ്.എച്ച്.ഒ സജുകുമാർ, എസ്.ഐ ഷാജി, എ.എസ്.ഐ ഷൗക്കത്ത്, സി.പി.ഒ മാരായ അരുൺ, സൈജു, രവി, പ്രവീൺ



വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്ത രതീഷ്(46)

എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# യുവാവിനെ ആക്രമിച്ച 2 പേർ പിടിയിൽ

തിരുവനന്തപുരം:- പേട്ടയിൽ യുവാവിനെ ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ച കേസിലെ 2 പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആനയറ കുടവൂർ സ്വദേശികളും സഹോദരങ്ങളുമായ ജിത്തു(25), ജിതിൻ(22) എന്നിവരെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ തിങ്കളാഴ്ച്ചയാണ് സംഭവം നടന്നത്. വൈകുന്നേരം 6.30 മണിയോടെ സുഹൃത്തിനോടൊപ്പം ബൈക്കിന്റെ പുറകിലിരുന്നു വരികയായിരുന്ന കുടവൂർ സ്വദേശി ആദിത്യനെ പ്രതികൾ പുളിക്കൽ ജംഗ്ഷനിൽ വച്ച് തടഞ്ഞു നിർത്തി പട്ടിക കഷ്ണം കൊണ്ട് കൈയ്യിൽ അടിച്ചും, കല്ലുകൊണ്ട് തലയ്ക്കടിച്ചും സോഡാ കുപ്പി എടുത്ത് എറിഞ്ഞും ആക്രമിക്കുകയായിരുന്നു. മർദ്ദനത്തിൽ ആദിത്യന്റെ ഇടതു കൈയ്ക്ക് പൊട്ടൽ


പേട്ട പോലീസ് അറസ്റ്റ് ചെയ്ത
ജിത്തു (25), ജിതിൻ (22)

സംഭവിക്കുകയും ചെയ്തു. ആദിത്യന്റെ നേതൃത്വത്തിൽ നേരത്തെ പ്രതികളെ വെട്ടി പരിക്കേൽപ്പിച്ചതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. പേട്ട എസ്. എച്ച്.ഒ ബിനുകുമാറിന്റെ നേതൃത്വത്തിൽ സി.പി.ഒ മാരായ ബിനുകുമാർ, ജയദേവൻ, രഞ്ജിത്, ശ്യാം, ഷമി എന്നിവരടങ്ങിയ പോലീസ് സംഘമാണ്

പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന വിലക്ക് ലംഘനം: 272 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ഇന്നലെ (08-07-2021) നാല് മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 272 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 63 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 167 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 5 പേരിൽ നിന്നുമായി 86,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 37 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 6616 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
08-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി